വാരാന്ത്യപതിപ്പ് ലക്കം- 4 | JUNE 13 - JUNE 19

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## ഉള്ളടക്കം

എൻ.എസ്.എസ് വാർത്തകൾ

രക്തദാനം: മഹാദാനം

പേജ് 1

വായിക്കാം വിവേകം നേടാം

പേജ് 2

ചിരിയും ചിന്തയുമായ് സോഷ്യോ പോഡ്സ്

പേജ് 2

ചോദ്യം ഉത്തരം

പേജ് 3

അക്ഷരാഗ്നി

പേജ് 3

ചിന്താവിഷയം

പേജ് 5




## രക്തദാനം ചെയ്യൂ; ലോകത്തിന്റെ സ്പന്ദനം നിലനിർത്തൂ

# എൻ.എസ്.എസ്. വാർത്തകൾ

## രക്തദാനം;മഹാദാനം

ലോക രക്തദാന ദിനത്തോടനുബന്ധിച്ച് രക്തം ദാനം ചെയ്ത്  വൊളണ്ടിയേഴ്സ്. സ്ഥിരം രക്തദാന ക്യാമ്പുകൾ സംഘടിപ്പിക്കുന്ന നമ്മുടെ എൻ.എസ്.എസ് യൂണിറ്റ് ഈ കോവിഡ് പ്രതിസന്ധിയിലും ക്യാമ്പ് നടത്തി എന്നത് ശ്രദ്ധേയമാണ്. രക്തദാന അവബോധത്തിനുതകുന്ന ബാഡ്ജ് നിർമ്മിച്ച് എല്ലാ വൊളണ്ടിയേഴ്സും ദിനം ആചരിച്ചു.

രക്തദാനത്തിന്റെ പ്രാധാന്യവും ആവശ്യകതയും ഉൾപ്പെടുത്തി ക്യാപ്റ്റൻ സ്റ്റയ്ജു പി.ജെ (അസോസിയേറ്റ് എൻ.സി.സി ഓഫിസർ 24 കേരള ബറ്റാലിയൻ എൻ.സി.സി തൃശ്ശൂർ , സെന്റ്. ഫ്രാൻസിസ് ഹയർസെക്കന്ററി സ്കൂൾ മറ്റം) വൊളണ്ടിയേഴ്സിനായ് ക്ലാസ്സെടുത്തു. പ്രിൻസിപ്പാൾ റവ. ഡോ. മാർട്ടിൻ കെ.എ ക്ലാസ്സ് ഉദ്ഘാടനം ചെയ്തു.പ്രോഗ്രാം ഓഫീസർമാരായ ഡോ. ഡെയ്സ് ലാൻഡ് തട്ടിൽ, പ്രൊഫ. രഞ്ജിത്ത് വർഗീസ് എന്നിവർ സംസാരിച്ചു.









# വായിക്കാം അറിവ് നേടാം

വായനദിനത്തോടനുബന്ധിച്ച് ജൂൺ **19** മുതൽ **25** വരെ നീളുന്ന വായനവാരാചരണത്തിന് തുടക്കം കുറിച്ചു. വായനവാരവുമായി ബന്ധപ്പെട്ട് നിരവധി മത്സരങ്ങളും, മാഗസിൻ പ്രകാശനവും നടത്തും. വൊളണ്ടിയേഴ്സിന്റെ സാഹിത്യ അഭിരുചി വർധിപ്പിക്കാൻ ഇത്തരം മത്സരങ്ങൾ സഹായിക്കും.







# ചിരിയും ചിന്തയുമായ് സോഷ്യോ പോഡ്സ്

യൂണിറ്റിന്റെ പോഡ്കാസ്റ്റായ സോഷ്യോ പോഡ്സിലൂടെ ' ചിരിയോ ചിരി പുഞ്ചിരി ' എന്ന പരിപാടിയിലൂടെ ചിരിയുടെ പ്രാധാന്യം പങ്കുവച്ചു. ജീവിതത്തിന്റെ ഓട്ടപാച്ചിലിനിടയിൽ ചിരിക്കാൻ മറന്ന് പോകുന്ന മനുഷ്യന് ചിരിയുടെ ഗുണങ്ങളും ചിരിക്കാനുള്ള നുറുങ്ങു വിദ്യകളും പകർന്ന് നൽകിയാണ് വൊളണ്ടിയർ അനൂജ പൗലോസ് പരിപാടി അവസാനിപ്പിച്ചത്.



# ചോദ്യം ഉത്തരം

## എൻ.എസ്.എസ് മുദ്രാവാക്യം?

NOT ME BUT YOU

## അക്ഷരാഗ്നി -

പൂത്തുലഞ്ഞ ഗുൽമോഹർ മരങ്ങൾക്കു പിറകിൽ മറഞ്ഞിരിക്കുന്ന അവളുടെ കണ്ണുകൾ .. അവളുടെ നഗ്ന പാദങ്ങൾ..
നീർമാതള പൂവിന്റെ സൗരഭ്യത്തെ പേറിയിരുന്ന അവളുടെ നീളൻ മുടികൾ ..
എല്ലാത്തിനുമുപരി വസന്തകാലത്തേക്കാൾ ഭംഗി തൂകിയ അവളുടെ ആഹ് പുഞ്ചിരി....
ഇന്നവൾ ഗുൽമോഹർ പൂക്കൾകൊണ്ടുള്ള ചുവന്ന പരവതാനിയിൽ മയങ്ങുകയാണ്...
വസന്തകാലത്തിന്റെ ഭംഗിയിൽ അവൾ നീരാടുന്നു..
വർഷങ്ങൾക്കു ശേഷം അയാൾ അവിടെ എത്തുമ്പോഴും അവളെ സ്നേഹിച്ചിരുന്നത് പോലെ അയാൾ ഇന്നാ മണ്ണിനെയും സ്നേഹിക്കുന്നു...
അവൾ മയങ്ങുന്ന മണ്ണിനെ...
എല്ലാം അയാൾക്കിന്നും ഒരു ഓർമയാണ്...
പ്രതീക്ഷയാണ്...

**മീട്ടു മനോജ് സി**



**ചിന്താവിഷയം:**

"പ്രതിഭയെന്നാൽ ഒരു ശതമാനം പ്രചോദനം,
തൊണ്ണൂറ്റിയൊൻപതു ശതമാനം കഠിനാധ്വാനം."

-തോമസ് ആൽവ എഡിസൺ

@nss_stc_42_144